# നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ

**(ഹാജർ: ആർ. ഗിരിജ ഐ.എ.എസ്)**

നഗരകാര്യ വകുപ്പ് - പ്രളയക്കെടുതി - അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

നം. ഡി.സി1-37461/2017 തിരുവനന്തപുരം, തീയതി: 16/08/2018.

==========================================================================

പരാമർശം: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2018-ന് ചേർന്ന യോഗതീരുമാനം.

## ഉ ത്ത ര വ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2018-ന് രാവിലെ 11.00 മണിയ്ക്ക് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നഗരസഭകളുടെ വളരെ അടിയന്തിര പ്രാധാന്യമുള്ള ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവശ്യമായ നാമമാത്ര ജീവനക്കാരെ മാത്രം ഓഫീസ് പ്രവർത്തനത്തിനായി നിയോഗിക്കേണ്ടതും മറ്റെല്ലാ ജീവനക്കാരെയും ജില്ലാ ഭരണകൂടവുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച് നഗരസഭാ സെക്രട്ടറിമാർ ജീവനക്കാരെ വിന്യസിച്ചുകൊണ്ട് ഇന്നുതന്നെ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
2. കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകൾ വെള്ളത്തിനടിയിലായതിനാൽ, വീടുകളിൽ താമസിക്കുന്നവർക്ക് വേണ്ട ശുദ്ധജലം ആവശ്യാനുസരണം എത്തിക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. 24 മണിക്കൂറും 3 ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ നഗരസഭകൾ കേന്ദ്രീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതും വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ടെലിഫോൺ നമ്പർ സഹിതം മാദ്ധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതുമാണ്. കൺട്രോൾ റൂമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ

ടെലിഫോൺ നമ്പരുകൾ (മൊബൈൽ നമ്പർ, ലാൻഡ് ലൈൻ നമ്പർ) ഇന്നുതന്നെ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

4. ഡ്യൂട്ടിയ്ക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ വാർഡ് കൗൺസിലർമാരുമായി ചേർന്ന്, കൂടുതൽ ദുരിതാശ്വാസ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടപക്ഷം ആയതിന് അനുയോജ്യമായ കേന്ദ്രങ്ങൾ മുൻകൂട്ടി കണ്ടെത്തി ജില്ലാ ഭരണകൂടത്തെ അറിയിക്കേണ്ടതാണ്.
5. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ മുഖേന ശേഖരിക്കുന്ന ദുരിതാശ്വാസ സാമഗ്രികൾ റവന്യൂ അധികാരികൾ വഴി മാത്രം ക്യാമ്പുകളിൽ / വീടുകളിൽ വിതരണം ചെയ്യേണ്ടതാണ്.
6. വെള്ളം ഇറങ്ങുന്ന ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ആയതിനാവശ്യമായ സാമഗ്രികളുടെ ലഭ്യത മുൻകൂട്ടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭകളിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതാണ്.
7. അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടതില്ല.

**(ഒപ്പ്)**
**നഗരകാര്യ ഡയറക്ടർ**

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

ആജ്ഞാനുസരണം / അയയ്ക്കുന്നത്

സൂപ്രണ്ട്

പിഎസ്/16/08